പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5150 05.07.2012 ൽ മറുപടിയ്ക്ക്

വൈദ്യുതി പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. കെ. ബാലൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |

(എ) 2001-06-ലെ സർക്കാരിന്റെ കാലത്ത് നിർമ്മാണം ആരംഭിച്ച ഏതെല്ലാം വൈദ്യുത പദ്ധതികളാണ് മുൻസർക്കാരിന്റെ കാലത്ത് പൂർത്തിയായി ഉദ്ഘാടനം ചെയ്തത്; പദ്ധതിയുടെ പേരും പ്രസ്തുത പദ്ധതിയുടെ ഉത്പാദനശേഷിയും വ്യക്തമാക്കുമോ;

(എ) 2001-06 ലെ സർക്കാരിന്റെ കാലത്ത് നിർമ്മാണം ആരംഭിച്ച് മുൻസർക്കാരിന്റെ കാലത്ത് പൂർത്തിയാക്കി ഉദ്ഘാടനം ചെയ്ത പദ്ധതികൾ താഴെ പറയുന്നവയാണ്.

| Sl. No | പദ്ധതി | MW | ഉല്പാദന ശേഷി (MU) | പദ്ധതി തുടങ്ങിയ തീയതി | പദ്ധതി പൂർത്തീകരിച്ച തീയതി |
|---|---|---|---|---|---|
| 1. | കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ സ്കീം | 100 | 223 | 10.12.03 | 19.06.10 |
| 2. | കുറ്റിയാർ ഡൈവേർഷൻ സ്കീം | - | 37 | 05.05.03 | 31.05.09 |
| 3. | നേര്യമംഗലം എക്സ്റ്റൻഷൻ സ്കീം | 25 | 58.27 | 04.07.03 | 25.05.08 |

(ബി) മുൻ സർക്കാരിന്റെ കാലത്ത് നിർമ്മാണം ആരംഭിച്ച ഏതെല്ലാം വൈദ്യുത പദ്ധതികളാണ് ഈ സർക്കാർ പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തത്; പദ്ധതിയുടെ പേരും ആയതിന്റെ ഉത്പാദനശേഷിയും വ്യക്തമാക്കുമോ;

(ബി) റാന്നി- പെരുനാട് പദ്ധതി (4MW/16.73MU) പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 16.01.2009-ൽ തുടങ്ങി 28.02.2012-ൽ പൂർത്തീകരിച്ചു.

(...2)

(സി) 2001-06 സർക്കാരിന്റെ കാലത്ത് നിർമ്മാണം ആരംഭിച്ച് പ്രസ്തുത കാലയളവിൽ തന്നെ ഉദ്ഘാടനം ചെയ്ത ഏതെങ്കിലും വൈദ്യുത പദ്ധതി ഉണ്ടോ; എങ്കിൽ പദ്ധതിയുടെ പേരും ആയതിന്റെ ഉത്പാദനശേഷിയും വ്യക്തമാക്കുമോ;

(സി) 2001-06 സർക്കാരിന്റെ കാലത്ത് നിർമ്മാണം ആരംഭിച്ച് പ്രസ്തുത കാലയളവിൽ തന്നെ ഉദ്ഘാടനം ചെയ്ത പദ്ധതികൾ താഴെ പറയുന്നവയാണ്.

| Sl. No | പദ്ധതി | (MW) | ഉല്പാദന ശേഷി | തുടങ്ങിയ തീയതി | പൂർത്തീകരിച്ച തീയതി |
|---|---|---|---|---|---|
| 1. | ചെമ്പുക്കടവ് രണ്ടാംഘട്ടം | 3.75 | 9.659 | 20.07.01 | 30.01.04 |
| 2. | ഉറുമി ഒന്നാം ഘട്ടം | 3.75 | 9.53 | 04.08.01 | 25.01.04 |
| 3. | ഉറുമി രണ്ടാം ഘട്ടം | 2.4 | 6.099 | 17.11.01 | 31.12.03 |
| 4 | ലോവർ മീൻമുട്ടി ചെറുകിട ജല വൈദ്യുത പദ്ധതി | 3.5 | 7.63 | 31.01.03 | 31.05.06 |

ഇവ കൂടാതെ വിദൂര ഗ്രാമീണ വൈദ്യുതീകരണത്തിന്റെ ഭാഗമായി 202 KW സ്ഥാപിത ശേഷിയുള്ള സോളാർ ഗാർഹിക വിളക്കുകളും 40 KW ശേഷിയുള്ള കേന്ദ്രീകൃത സൗരവൈദ്യുത നിലയങ്ങളുമാണ്(ഗ്രിഡുമായി ബന്ധിപ്പിക്കാത്തവ) ഉത്ഘാടനം ചെയ്യപ്പെട്ടിട്ടുള്ളത്.

| | |
|---|---|
| (ഡി) മുൻ സർക്കാരിന്റെ കാലത്ത് നിർമ്മാണം ആരംഭിച്ച് പ്രസ്തുത കാലയളവിൽ തന്നെ നിർമ്മാണം പൂർത്തിയാക്കിയ ഏതെങ്കിലും വൈദ്യുത പദ്ധതി ഉണ്ടോ; എങ്കിൽ പദ്ധതിയുടെ പേരും അതിന്റെ ഉത്പാദനശേഷിയും വ്യക്തമാക്കുമോ? | (ഡി) പൂഴിത്തോട് ചെറുകിട ജലവൈദ്യുത പദ്ധതി (4.8 MW, 10.97MU) യുടെ നിർമ്മാണ പ്രവർത്തനങ്ങൾ 04.03.2009-ൽ തുടങ്ങി 19.02.2011-ൽ പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു. എന്നാൽ പദ്ധതിയിൽ നിന്നും വൈദ്യുതി ഉല്പാദനം ആരംഭിച്ചത് 26.06.2011 ലും പദ്ധതി പൂർണ്ണമായി പൂർത്തീകരിച്ചത് 30.06.2011 ലുമാണ്.<br>32.85 MW ശേഷിയുള്ള കാറ്റാടി വൈദ്യുതി പദ്ധതികൾ IPP മാർഗ്ഗത്തിൽ സ്ഥാപിക്കപ്പെട്ടു. |

സെക്ഷൻ ഓഫീസർ